# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1478

2.07.2015-ൽ മറുപടിക്ക്

### കൊയിലാണ്ടി നഗരസഭയുടെ സ്ഥലം ഫയർ സ്റ്റേഷന് വിട്ടു നൽകാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും, ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം, കൗൺസിൽ തീരുമാനപ്രകാരം, ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ടു നൽകുന്നതിന് സർക്കാരിന്റെ അനുവാദം തേടി സമർപ്പിച്ച അപേക്ഷയിൽ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) & (ബി) | കൊയിലാണ്ടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്ത് മുൻകൂർ അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും അപേക്ഷയോടൊപ്പം ബി.ടി.ആർ. ന്റെ പകർപ്പ്, സ്കെച്ച് എന്നിവ ലഭ്യമാക്കാത്തതിനാൽ ആവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ നഗരസഭാ സെക്രട്ടറിയോട് അവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫയലിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ